# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1603 18/06/2012 ൽ മറുപടിക്ക്

**പി.എസ്.സി. ലിസ്റ്റിന്റെ അഭാവത്താൽ നടക്കാത്ത നിയമനങ്ങൾ**

ചോദ്യം:

ശ്രീ. കെ.കെ.ജയചന്ദ്രൻ

(എ) നിലവിൽ പി.എസ്.സി. ലിസ്റ്റ് ഇല്ലാത്തതിനാൽ ഏതൊക്കെ തസ്തികകളിലാണ് നിയമനം നടക്കാത്തത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നൽകുന്നതിനായി പി.എസ്.സി. പരീക്ഷ നടത്തിയിരുന്നുവോ;

(സി) എങ്കിൽ പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിന് മതിയായ കാരണമുണ്ടോ ;

(ഡി) നിലവിൽ ഒഴിവുകളുള്ള പ്രസ്തുത തസ്തികകളിലേക്ക് നിയമനം നൽകുന്നതിനായി ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.ക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ നികത്താൻ കഴിയാത്ത തസ്തികകളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത തസ്തികകളുടെ തിരഞ്ഞെടുപ്പു പ്രക്രിയകൾ ഓരോന്നും വിവിധ ഘട്ടങ്ങളിൽ (വിജ്ഞാപനം/ പരീക്ഷ/അഭിമുഖം) നടന്നുകൊണ്ടിരിക്കുന്നു.

(സി) നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ ഉപയോഗിച്ച് റാങ്ക് ലിസ്റ്റുകൾ കഴിയുന്നതും വേഗം പ്രസിദ്ധീകരിക്കാൻ പി.എസ്.സി. ശ്രമിക്കുന്നുണ്ട്.

(ഡി) റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾക്ക് അനുസൃതമായി പുതിയ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കി വയ്ക്കണം എന്ന് സർക്കാർ പി.എസ്.സി.ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.